പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2091 23.03.2012-ൽ മറുപടിയ്ക്ക്

സൗജന്യ വൈദ്യുതി കണക്ഷൻ.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| പട്ടികജാതിക്കാർക്കും കാൻസർ രോഗികൾക്കും വിഭിന്ന ശേഷിയുള്ളവർക്കും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് മുൻ സർക്കാർ അനുവദിച്ചു വന്നിരുന്ന ആനുകൂല്യങ്ങൾ വൈദ്യുതി ബോർഡ് നിർത്തി വെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയവ പുന:സ്ഥാപിക്കുവാൻ ഉത്തരവ് നൽകുമോ ? | വൈദ്യുതി ബോർഡ് സൗജന്യ വൈദ്യുതി കണക്ഷനുകൾ നിർത്തലാക്കിയിട്ടില്ല. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻെറ നിർദ്ദേശപ്രകാരം സൗജന്യ വൈദ്യുതി കണക്ഷൻ പദ്ധതികൾ ക്രമീകരിക്കുക മാത്രമാണ് ചെയ്തത്.<br>500 വാട്ട്സിന് താഴെ കണക്ടഡ് ലോഡുള്ള ബി. പി. എൽ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും 1000 വാട്ട്സിന് താഴെ കണക്ടഡ് ലോഡുള്ള എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും സൗജന്യ വൈദ്യുതി കണക്ഷനുകൾ ബോർഡ് നൽകുന്നുണ്ട്. സംസ്ഥാനത്ത് ആർ.ജി. ജി. വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ബി. പി. എൽ കുടുംബങ്ങൾക്കും കണ ക്ടഡ് ലോഡ് പരിധിയില്ലാതെ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.<br>വികലാംഗർ, ക്യാൻസർ രോഗികൾ തുടങ്ങിയവർക്ക് സൗജന്യമായി വൈദ്യുത കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പടുത്തി ചെയ്യുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി റെഗുലേറ്ററി കമ്മീഷൻെറ അംഗീകാരത്തിന് സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ.